# മാറ്റിവെച്ച ഹൃദയത്തിന് വിജയകരമായ ശസ്ത്രക്രിയ

## മലയാളി ഡോക്ടർക്ക് ചരിത്രനേട്ടം



ചെന്നൈയിലെ മിയോട്ട് ആസ്പത്രിയിൽ അപൂർവ ഹൃദയശസ്ത്രക്രിയയ്ക്ക് വിധേയയായ അഭിനയയെ വ്യാഴാഴ്ച പത്രസമ്മേളനത്തിനിടയിൽ ആസ്പത്രി മേധാവി ഡോ. പി.വി.മോഹൻദാസ് ഹസ്തദാനം ചെയ്യുന്നു. ഡോ. വി.വി.ബാഷി, ആസ്പത്രി ചെയർപേഴ്സൺ മല്ലിക മോഹൻദാസ് എന്നിവർ സമീപം

ചെന്നൈ: മാറ്റിവെച്ച ഹൃദയത്തെ ബാധിച്ച അസുഖം സങ്കീർണ ശസ്ത്രക്രിയയിലൂടെ ഭേദമാക്കി മലയാളി ഡോക്ടർ ചരിത്രം സൃഷ്ടിച്ചു. എറണാകുളം കാലടി സ്വദേശിയും ചെന്നൈയിലെ മിയോട്ട് ആസ്പത്രിയിൽ ഹൃദ്രോഗ വിഭാഗം ചികിത്സാമേധാവിയുമായ ഡോ. വി.വി.ബാഷിയാണ് ഈ നേട്ടത്തിനുടമയായത്. ഇന്ത്യയിൽ ആദ്യമായാണ് ഇത്തരമൊരു ശസ്ത്രക്രിയയെന്ന് ചെന്നൈയിൽ വ്യാഴാഴ്ച നടത്തിയ പത്രസമ്മേളനത്തിൽ ഡോ. ബാഷി പറഞ്ഞു. വിദേശത്ത് ഇത്തരത്തിലുള്ള രണ്ട് ശസ്ത്രക്രിയകളാണ് ഇതുവരെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതെന്നും ഡോ. ബാഷി ചൂണ്ടിക്കാട്ടി.

തമിഴ്നാട്ടിലെ തിരുവാരൂർ സ്വദേശിനി 25-കാരിയായ അഭിനയയാണ് അപൂർവശസ്ത്രക്രിയയ്ക്ക് വിധേയയായത്. 2009 സപ്തംബർ 17-ന് ചെന്നൈയിലെ സർക്കാർ ജനറൽ ആസ്പത്രിയിലാണ് അഭിനയയുടെ ഹൃദയം മാറ്റിവെച്ചത്. മസ്തിഷ്കമരണം സംഭവിച്ച 18-കാരന്റെ ഹൃദയമാണ് അഭിനയയുടെ രോഗബാധിത ഹൃദയത്തിന് പകരം ഡോക്ടർമാർ വെച്ചുപിടിപ്പിച്ചത്. നാലുവർഷത്തിനുശേഷം നവംബറിൽ കടുത്ത നെഞ്ചുവേദനയും ശ്വാസതടസ്സവുമായിട്ടാണ് അഭിനയ മിയോട്ട് ആസ്പത്രിയിലെത്തിയത്. സംസാരിക്കാൻപോലും കഴിയാത്ത അവസ്ഥയിലായിരുന്നു യുവതിയെന്ന് ഡോക്ടർ ബാഷി പറഞ്ഞു. ഹൃദയരക്തക്കുഴലിലെ വീക്കവും വാൽവിൽനിന്ന് രക്തം പുറത്തേക്ക് വരുന്നതുമാണ് പ്രശ്നമെന്ന് പരിശോധനയിൽ വ്യക്തമായി.

വെച്ചുപിടിപ്പിച്ച ഹൃദയത്തിൽ ഇത്തരം പ്രശ്നങ്ങളുണ്ടാവുന്നത് അപൂർവമാണെന്നും എന്തുകൊണ്ടാണ് ഇത് സംഭവിക്കുന്നതെന്നത് വ്യക്തമല്ലെന്നും ഡോ. ബാഷി പറഞ്ഞു. മരുന്നുകളുടെ പ്രതിപ്രവർത്തനംമൂലം ഉയർന്ന രക്തസമ്മർദമുണ്ടായാൽ ഇത്തരം പ്രശ്നങ്ങൾക്ക് സാധ്യതയുണ്ട്. എന്നാൽ, അഭിനയയുടെ രക്തസമ്മർദം സാധാരണനിലയിലായിരുന്നു. മാറ്റിവെച്ച ഹൃദയം ശരീരം തിരസ്കരിക്കാതിരിക്കാനുള്ള മരുന്നുകൾ അഭിനയ കഴിച്ചുകൊണ്ടിരിക്കയായിരുന്നുവെന്നത് ശസ്ത്രക്രിയ കൂടുതൽ സങ്കീർണമാക്കി. അണുബാധയുള്ള സാധ്യത കൂടുതലാണെന്നതിനാൽ കൂടുതൽ മുൻകരുതലുകളെടുത്തതായും ഡോക്ടർ പറഞ്ഞു.

യുവതിയെ ഹൃദയശ്വാസകോശ യന്ത്രവുമായി ഘടിപ്പിച്ചശേഷം 24 ഡിഗ്രി സെന്റിഗ്രേഡിലേക്ക് തണുപ്പിക്കുകയായിരുന്നു ശസ്ത്രക്രിയയുടെ ആദ്യഘട്ടം. നെഞ്ചുതുറന്ന് നടത്തിയ ശസ്ത്രക്രിയ നാലര മണിക്കൂർ നീണ്ടു. അസുഖബാധിതമായ വാൽവും ഹൃദയ രക്തക്കുഴലിലെ വീക്കം ബാധിച്ച ഭാഗവും നീക്കം ചെയ്തശേഷം കൃത്രിമവാൽവും സിന്തറ്റിക് ഗ്രാഫ്റ്റും തുന്നിച്ചേർത്തു.


മാറ്റിവെച്ച ഹൃദയം, രോഗബാധിതമായ ഭാഗങ്ങൾ, ശസ്ത്രക്രിയയ്ക്ക് ശേഷമുള്ള ഹൃദയം എന്നിവയുടെ രൂപരേഖ

ശസ്ത്രക്രിയയെത്തുടർന്ന് സുഖം പ്രാപിച്ച യുവതിയും പത്രസമ്മേളനത്തിനെത്തിയിരുന്നു. ഏതാനും ദിവസങ്ങൾക്കുള്ളിൽ യുവതിക്ക് ആസ്പത്രി വിടാനാവുമെന്ന് ഡോ. ബാഷി പറഞ്ഞു. ഡോ. വിജിത്, ഡോ. ദർശന, ഡോ. അജു ജേക്കബ് എന്നിവർ ശസ്ത്രക്രിയയിൽ ഡോ. ബാഷിക്കൊപ്പമുണ്ടായിരുന്നു.

നിർധന കുടുംബാംഗമായതിനാൽ അഭിനയയുടെ ശസ്ത്രക്രിയ പൂർണമായും സൗജന്യമായാണ് നടത്തിയതെന്നും സാധാരണഗതിയിൽ അഞ്ചു ലക്ഷം രൂപ ഇതിന് വേണ്ടിവരുമെന്നും മിയോട്ട് ആസ്പത്രി സ്ഥാപക മേധാവി ഡോ. പി.വി.മോഹൻദാസ് പറഞ്ഞു. പ്രായം അഭിനയയുടെ കാര്യത്തിൽ അനുകൂല ഘടകമാണെന്നും മരുന്നുകളോട് ശരീരം നന്നായി പ്രതികരിക്കുന്നുണ്ടെന്നും ഡോ. ബാഷി ചൂണ്ടിക്കാട്ടി. ഹൃദയരക്തക്കുഴലിലെ വീക്കത്തിനുള്ള 300 ശസ്ത്രക്രിയകൾക്ക് ഡോ. ബാഷി നേതൃത്വം നൽകിയിട്ടുണ്ട്. ഇതിൽ രണ്ടെണ്ണം മാത്രമായിരുന്നു പരാജയമെന്ന് മിയോട്ട് ആസ്പത്രി വൃത്തങ്ങൾ പറഞ്ഞു.

ബി.എസ്സി. മൈക്രോബയോളജിയിൽ ഒന്നാം ക്ലാസോടെ പാസായശേഷം തമിഴ്നാട് സർക്കാറിന്റെ ആരോഗ്യ ഇൻഷുറൻസ് പദ്ധതിപ്രകാരം കോയമ്പത്തൂരിൽ ലെയ്സൺ ഓഫീസറായി ജോലിചെയ്യുകയായിരുന്നു അഭിനയ.